പതിമൂന്നാം കേരള നിയമസഭ
എഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3864

19.02.2013 ന് മറുപടിയ്ക്ക്

## രാസദുരന്തങ്ങളും രക്ഷാപ്രവർത്തനവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഉമ്മർ<br>,, സി. എം. ഉമ്മർ മാസ്റ്റർ<br>,, സി. മമ്മുട്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |
| എ). രാസദുരന്തങ്ങൾ ഉണ്ടായാൽ രക്ഷാ പ്രവർത്തനം നടത്തുന്നതിന് പരിശീലനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ; | എ) രാസദുരന്തങ്ങൾ ഉൾപ്പെടെ ഏതുതരത്തിലുള്ള ദുരന്തം ഉണ്ടായാലും അടിയന്തിര രക്ഷാ പ്രവർത്തനം നടത്തുന്നതിനുവേണ്ടി സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫോഴ്സ് (എസ്.ഡി.ആർ.എഫ്.) രൂപീകരിച്ചിട്ടുണ്ട്. രാസ വ്യാവസായിക ദുരന്തങ്ങൾ നേരിടുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. കേരളാ അഗ്നിശമന രക്ഷാ സേവന വകുപ്പിലെ ആഫീസർമാർക്കും ജീവനക്കാർക്കും കൊച്ചിൻ റിഫൈനറിയിൽ വച്ച് അഞ്ച് ഘട്ടങ്ങളിലായി രണ്ട് ദിവസംവീതം രാസദുരന്തങ്ങൾ ഉണ്ടായാൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനെ സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ദുരന്തമുണ്ടായാൽ അടിയന്തിരമായി ചെയ്യേണ്ടകാര്യങ്ങൾ ഉൾപ്പെടുത്തി ഒരു മാനുവൽ തയ്യാറാക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; | ബി) | തയ്യാറാക്കി വരുന്നു. |
| സി) | ഇതിനുവേണ്ടി റവന്യൂ, പോലീസ്, ഫയർഫോഴ്സ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | സി. | ഉണ്ട്;<br>ഓരോജില്ലയിലെയും ജില്ലാ കളക്ടർമാരുടെ കീഴിൽ റവന്യൂ, പോലീസ്, ഫയർ ഫോഴ്സ് എന്നീ വകുപ്പുകളുടെ ഏകോപനത്തോടെയാണ് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ